സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.17943/21/വിജി.

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
16/03/2022.

## സർക്കുലർ

വിഷയം:- പരിശോധനാ വേളകളിൽ അനധികൃതമായി ഹാജരാകാതിരിക്കുന്ന ഉദ്യോഗസ്ഥർക്ക് ടി ദിവസങ്ങളിലെ ശമ്പളം ചെലവെഴുതുന്നത് സംബന്ധിച്ച്.

സൂചന :- 09/02/2022-ലെ ആർ.ഒ.സി.11861/21/മിസ്-1 നമ്പർ ബോർഡ് കത്ത്.

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ (ഇൻസ്‌പെക്ഷൻ), ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ, വിജിലൻസ് ആഫീസർമാർ തുടങ്ങി പരിശോധനാ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്ന ജീവനക്കാർക്ക് ഈ ആഫീസിൽ നിന്നും നോട്ടീസ് നൽകി ശിക്ഷാ നടപടികൾ സ്വീകരിക്കുകയാണ് പതിവ്. എന്നാൽ നടപടിക്രമം പൂർത്തീകരിക്കുന്നതിന് മുമ്പായി ജോലിയ്ക്ക് ഹാജരാകാതിരുന്ന ദിവസങ്ങളിലെ ശമ്പളം അർഹതയുള്ള അവധിയായി കണക്കാക്കിയും മറ്റും ടിയാന്മാർക്കു ചെലവെഴുതി നൽകുന്നതായി ഈ ആഫീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.

പരിശോധനാ വേളകളിൽ അവധിയും അനുവാദവും ഇല്ലാതെ ഹാജരാകാതിരിക്കുന്ന ജീവനക്കാരുടെ പേരിലുള്ള നടപടി പൂർത്തിയായി ടി കാലയളവ് എപ്രകാരം ക്രമീകരിക്കണമെന്നത് സംബന്ധിച്ച ഉത്തരവ് ലഭിച്ചതിനു ശേഷം മാത്രമേ ടി കാലയളവിലെ ശമ്പളം ചെലവെഴുതി നൽകുവാൻ പാടുള്ളൂ എന്ന് ഉത്തരവാകുന്നു.

സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ വകുപ്പ്തല അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. എല്ലാ ആഫീസ് / ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2. ഇ.ഡി.പി സെക്ഷൻ
3. സെക്ഷൻ ഫയൽ

AR.18/03